# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 18** **12/07/2023**

## ഞായറാഴ്ച ആചരണത്തിന്റെ ലക്ഷ്യം മിശിഹായുടെ രണ്ടാം വരവ്

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

നമ്മുടെ രൂപതയുടെ രണ്ടാം പഞ്ചവത്സര അജപാലന പദ്ധതിയുടെ, ആദ്യവർഷം ആരാധനക്രമമാണല്ലോ നമ്മുടെ ചിന്താവിഷയം. ആരാധനക്രമത്തിന്റെ അടിസ്ഥാന ചോദന കർത്താവിൻറെ ദിവസമായ ഞായറാഴ്ചാണ്. കർത്താവിന്റെ ദിവസത്തിന് വേണ്ടി വിശ്വാസ സമൂഹത്തെ സജ്ജമാക്കുന്ന പ്രക്രിയയിലാണ് തിരുസഭ അനസ്യൂതം വ്യാപൃതയായിരിക്കുന്നത്.

ശ്ലീഹന്മാരുടെ കാലം മുതൽ ഞായറാഴ്ച വിശുദ്ധ ദിനമായിട്ടാണ് ആചരിച്ചു പോരുന്നത്. ലോകത്തെല്ലായിടത്തും തന്നെ ഞായറാഴ്ച ഒഴിവു ദിനമായി കരുതപ്പെട്ടിരുന്നതിനാൽ ഞായറാഴ്ചയാചരണം വളരെ എളുപ്പവുമായിരുന്നു. വിശുദ്ധമായ വിശ്രമത്തിന്റെ അനുഭവം നുകരാൻ വിശ്വാസികൾക്ക് അത് അവസരം ഒരുക്കി. ആത്മീയതയിലൂന്നിയ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താൻ അതിടയാക്കി. വ്യക്തിബന്ധങ്ങൾ ആഴപ്പെടുത്താനും സ്നേഹത്തിൽ വളരാനും കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും അത് സഹായിച്ചു. രോഗികളായവരെയും വൃദ്ധജനങ്ങളെയുമൊക്കെ സന്ദർശിച്ച് ആശ്വാസം പകരാനും കുശലം പറയാനും ഏറെ പേർ ഞായറാഴ്ചയെ ഉപയോഗപ്പെടുത്തിയിരുന്നു. അങ്ങനെ ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിൽ വളരുന്ന സമൂഹമാകാൻ ശരിയായ ഞായറാഴ്ചയാചരണം സഹായകമായി.

എന്നാൽ ഇന്നത്തെ മാറിയ സാഹചര്യത്തിൽ ഞായറാഴ്ച ആചരണത്തിന്റെ പവിത്രതയ്ക്ക് മങ്ങൽ ഏൽക്കുകയും അതിൻറെ സ്വഭാവത്തിൽ മാറ്റങ്ങൾ വരുകയും ചെയ്തിട്ടുണ്ട്. ഞായറാഴ്ചയെ വാരാന്ത്യമായി (weekend) പരിഗണിക്കാനുള്ള സ്വാഭാവിക പ്രവണത ആധുനിക സംസ്കാരത്തിന്റെ ഭാഗമാണ്. വാരാന്ത്യം എന്നത് വിനോദത്തിന്റെയും വിശ്രമത്തിന്റെയും സൂചനയായി നിലനിൽക്കുമ്പോൾ ഞായറാഴ്ചയെന്നത് ഈശോയുടെ ഉയിർപ്പിന്റെ ആഘോഷമായും കർത്താവിൻറെ ദിവസമായും വിശുദ്ധമായ ദിനമായും പരിഗണിക്കാൻ ക്രിസ്തീയ പക്വത നമുക്ക് സഹായകമാകുന്നുവെന്ന് വിശുദ്ധ ജോൺപോൾ പാപ്പ പഠിപ്പിക്കുന്നു. (കർത്താവിന്റെ ദിവസം 4)

ആറു ദിവസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവം തന്നെയാണ് സാബത്തു വിശ്രമത്തിന് നമുക്ക് മാതൃക. തന്റെ സൃഷ്ടിയിലേക്ക് നോക്കി അത് നല്ലതെന്ന് കണ്ട് സന്തോഷിക്കുകയാണ് ദൈവം. തന്റെ സൃഷ്ടികളിൽ വിശിഷ്യാ, സൃഷ്ടികളുടെ മകുടമായ മനുഷ്യനിൽ സന്തോഷിക്കുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. തന്റെ സാദൃശ്യത്തിൽ രൂപപ്പെടുത്തിയ മനുഷ്യരെ നോക്കി ആനന്ദിക്കുന്നതാണ് ദൈവത്തിന്റെ ഏഴാം ദിവസത്തെ വിശ്രമം. മനുഷ്യൻ തിരിഞ്ഞ് ദൈവത്തിലേക്ക് നോക്കി ആനന്ദിക്കുന്നതാകണം മനുഷ്യന്റെ വിശ്രമം. രക്ഷകനായ മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകര സംഭവത്തെ (പാപമോചനത്തെയും ദൈവരാജ്യത്തിലെ അംഗത്തത്തെയും നിത്യജീവനെയും) അനുസ്മരിച്ച്, ധ്യാനിച്ച് ദൈവത്തിന് സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിച്ച് ആനന്ദിക്കുന്ന അനുഭവമാണ് ഞായറാഴ്ച വിശ്രമത്തിന്റെ കാതൽ. ഞായറാഴ്ച ദിവസം വിശുദ്ധ ദിനം ആയിരിക്കുന്നത് അത് ദൈവത്താൽ ആശീർവദിക്കപ്പെടുകയും അവിടുന്ന് അതിനെ വിശുദ്ധമാക്കുകയും ചെയ്തതുകൊണ്ടും അതിനെ മറ്റു ദിവസങ്ങളിൽ നിന്ന് വേർതിരിച്ച് കർത്താവിന്റെ ദിനം ആക്കിയതുകൊണ്ടുമാണ് (കർത്താവിന്റെ ദിവസം 14) .

എല്ലാ ദിവസവും എല്ലാ സമയവും ദൈവത്തിന്റേതും അതിനാൽ വിശുദ്ധവും ആണ്. ജീവിതകാലം മുഴുവൻ മനുഷ്യൻ ദൈവത്തിന്റെ, പ്രത്യേകിച്ച് സൃഷ്ടി കർമ്മവും പരിപാലനയും രക്ഷാകർമ്മവും അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുകയും അവിടുത്തെ നന്ദി പ്രകാശിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം മനുഷ്യന് ദൈവത്തോടുള്ള ബന്ധം നിരന്തരം തുടരേണ്ടതാണെങ്കിലും ഈ ബന്ധത്തിൻറെ തീവ്രതയുടെയും സന്തോഷത്തിന്റെയും അവസരങ്ങളാണ് നിശ്ചിതമായ പ്രാർത്ഥനാ സമയങ്ങൾ. അതിന്റെ അത്യുൽകൃഷ്ട സമയമായിട്ടാണ് കർത്താവിന്റെ ദിവസമായ ഞായറാഴ്ചയെ കാണേണ്ടത് (കർത്താവിന്റെ ദിവസം 15).

ദൈവവചനം ശ്രവിച്ചും വിശുദ്ധ കുർബാനയിൽ പങ്കുചേർന്നും നമ്മുടെ കർത്താവിന്റെ സഹനവും ഉത്ഥാനവും മഹത്വവും അനുസ്മരിക്കുന്നതിനും അവിടുത്തെ ഉത്ഥാനത്തിലൂടെ തങ്ങൾക്ക് സജീവപ്രത്യാശയിലേക്ക് പുതുജന്മം നൽകിയ ദൈവത്തിന് (1 പത്രോ 1:13) നന്ദി പറയുന്നതിനും വേണ്ടി ക്രിസ്തീയ വിശ്വാസികൾ എല്ലാവരും ഞായറാഴ്ച ദിവസം സമ്മേളിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നു (ആരാധനക്രമം 106). മിശിഹായുടെ സ്വർഗത്തിൽ നിന്നുള്ള മഹത്വപൂർണ്ണമായ രണ്ടാം വരവാണ് ഞായറാഴ്ച ആചരണത്തിന്റെ ലക്ഷ്യം.

സാമ്പത്തു വിശ്രമം വേണമെന്ന് കൽപ്പിച്ച ദൈവം തന്റെ ജനത്തിന്റെ മോചനത്തിനു വേണ്ടി ചെയ്ത പ്രവർത്തികൾ അവർ അനുസ്മരിക്കണമെന്നും കൽപ്പിക്കുകയുണ്ടായി. 'നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നു എന്നും ഓർമ്മിക്കുക. അതുകൊണ്ട് സാമ്പത്ത് ദിനം ആചരിക്കാൻ അവിടുന്ന് നിന്നോട് കൽപ്പിച്ചിരിക്കുന്നു' (നിയമാ 5:15) മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള ദൈവത്തിന്റെ പ്രവർത്തികളെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് കർത്താവിൻറെ ദിവസം ആചരിക്കുമ്പോഴാണ് നമ്മൾ ദൈവത്തിന്റെ വിശ്രമത്തിന്റെ ആഴങ്ങളിലേക്ക് കടക്കുന്നതും ദൈവത്തിനുണ്ടായ സന്തോഷത്തിൽ പങ്കുചേരുന്നതും (കർത്താവിന്റെ ദിവസം 17). അപ്പോഴാണ് ഞായറാഴ്ച വിശ്രമത്തിന് വിശുദ്ധമായ ഒരു മൂല്യമുണ്ടാകുന്നതും അത് അർത്ഥപൂർണ്ണം ആകുന്നതും.

പുറപ്പാട് സംഭവം ഇസ്രായേലിന്റെ വിമോചനം ആയിരുന്നെങ്കിൽ അതിൻെറ പൂർണ മായി വെളിപ്പെടുത്തൽ മിശിഹായുടെ മരണത്തിലും ഉയിർപ്പിലും ആണ് . അതിലൂടെ മനുഷ്യകുലം മുഴുവനും പാപത്തിൽ നിന്നും മരണത്തിൽ നിന്നും പിശാചിൽ നിന്നും ലോകത്തിൽ നിന്നും മോചിതരാകുകയാണ്. അതിനാൽ സൃഷ്ടികർമ്മത്തിന്റെ പൂർ ത്തീകരണമാണ് ഉയർപ്പ് സംഭവം എന്ന് പറയാം. സൃഷ്ടികർമ്മത്തിൽ ദൈവത്തിനു ണ്ടായ സന്തോഷം ഉയിർപ്പിലൂടെ മിശിഹായിൽ പൂർത്തീകരിക്കപ്പെടുകയാണ്. അതാ ണ് ഞായറാഴ്ചയുടെ പ്രാധാന്യം. മനുഷ്യകുലത്തെ മുഴുവനും ദൈവമക്കളുടെ സ്വാ തന്ത്ര്യത്തിലേക്ക് ആനയിച്ച രക്ഷാകര സംഭവമായ ഉയിർപ്പിന്റെ അനുസ്മരണവും ആഘോഷവും ആണ് ഞായറാഴ്ചയാചരണത്തിന്റെ മുഖ്യ പ്രമേയം. ഞായറാഴ്ചക ളിലെ കർത്തൃദിനാചരണവും അവിടുത്തെ കുർബാനയുടെ ആഘോഷവും സഭാ ജീ വിതത്തിന്റെ ഹൃദയസ്ഥാനത്ത് നിലകൊള്ളുന്നു എന്ന് കത്തോലിക്കാ സഭയുടെ മ തബോധന ഗ്രന്ഥം പഠിപ്പിക്കുന്നു (2177).

ശ്ലീഹന്മാർക്ക് ഉയർപ്പ് ഞായറാഴ്ച വൈകുന്നേരം ഉണ്ടായ അനുഭവം, അതായത് ഈശോയെ കണ്ടപ്പോൾ ഉണ്ടായ അനുഭവമാണ് ഞായറാഴ്ച കുർബാനയിൽ നമുക്ക് ഉണ്ടാകുന്നത്. നമുക്ക് അത് ഉത്ഥാനത്തിന്റെ ദിവസമാണ്. വി. ആഗസ്തീനോസ് ഞാ യറാഴ്ചയെ 'ഈസ്റ്ററിന്റെ കൂദാശ' എന്നാണ് വിശേഷിപ്പിക്കുന്നത്. തന്റെ ഉയർപ്പി ന്റെ എട്ടാം ദിവസമായ ഞായറാഴ്ചയും ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അ വരെ ഉത്ഥാനത്തിൽ ഉറപ്പിച്ചു. ഓരോ എട്ടാം ദിവസവും കർത്താവിന്റെ ദിവസമായാ ചരിച്ച് ക്രൈസ്തവ സമൂഹം ഒന്നിച്ചുകൂടി വിശുദ്ധ കുർബാന അർപ്പിക്കുന്ന പതിവി ന് അടിസ്ഥാനമായി ഈശോയുടെ ഈ പ്രത്യക്ഷപ്പെടലിനെ കാണാവുന്നതാണ്. ഈശോയുടെ പ്രത്യക്ഷപ്പെടലും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം വ്യക്ത മാക്കുന്നതാണ് എമ്മാവൂസിലേക്കു പോയ രണ്ട് ശിഷ്യന്മാരുടെ അനുഭവം. ഈശോ അപ്പമെടുത്ത് ആശിർവദിച്ചു മുറിച്ച് അവർക്ക് നൽകിയപ്പോൾ അവർ അവിടുത്തെ തി രിച്ചറിഞ്ഞു ( Lk 24: 30).

ഒരു ഇടവകയിലെ വിവിധ പ്രവർത്തനങ്ങളിൽ ആഴ്ചയുടെ ഈസ്റ്ററും പെന്തകോസ്തയും ആയ ഞായറാഴ്ചത്തെ കർത്തൃദിനത്തിന്റെയും അവിടുത്തെ കു ർബാനയുടെയും ആഘോഷം പോലെ മർമ്മപ്രധാനമോ സമൂഹനിർമ്മാണ പരമോ ആയ മറ്റൊന്നുമില്ല. (കർത്താവിന്റെ ദിവസം 35) എന്ന സത്യം ഉൾക്കൊണ്ട് ഞായറാ ഴ്ച ആചരണത്തിന്റെ പരിശുദ്ധിയ്ക്കും പ്രാധാന്യത്തിനും മങ്ങലേൽപ്പിക്കാതെ അതി ൽ സജീവമായി പങ്കുചേർന്ന് എന്നും സഭയോടൊപ്പം ആയിരിക്കാൻ നമുക്ക് പരിശ്ര മിക്കാം. നിത്യതയുടെ പ്രതികമായ ഞായറാഴ്ചയെ 8 ാം ദിവസമെന്നാണ് സഭ വിളി ക്കുന്നത്.നമ്മുടെ വിശ്വാസ ജീവിതം സഭയോടൊപ്പം ഞായറാഴ്ചയാചരണങ്ങളിലൂടെ മുന്നേറുന്ന ഒരു തീർത്ഥാടനമാണ്. ഈ തീർത്ഥാടനത്തിന്റെ അന്തിമലക്ഷ്യം സ്വർഗ്ഗ മാണ്. സ്വർഗ്ഗത്തിന്റെ ഒരു മുന്നനുഭവമാണ് ഞായറാഴ്ച ആചരണം പ്രധാനം ചെയ്യു ന്നത്. അവസാനത്തേതും അവസാനിക്കാത്തതുമായ ഞായറാഴ്ച അനുഭവമാണ് സ്വ ർഗ്ഗീയ ജീവിതം. ഉത്ഥാനാനുഭവത്തിന്റെ നിത്യതയാണത്. അതായിരിക്കട്ടെ എന്നും നമ്മുടെ ധ്യാന വിഷയം.

നിങ്ങളെ ഓരോരുത്തരേയും ദൈവത്തിന്റെയും തിരുസഭയുടെയും നമ്മുടെ ഓരോരുത്തരുടെയും അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെയും തിരുക്കുടുംബത്തിന്റെ നാഥനും തിരുസഭയുടെ സംരക്ഷകനുമായ മാർ

യൗസേപ്പിതാവിന്റെയും നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാ ശ്ലീഹായുടെയും രൂപതയുടെ മധ്യസ്ഥയായ അമലോത്ഭവയുടെ വിശുദ്ധ അൽഫോൻ സായുടെയും മദ്ധ്യസ്ഥത്തിന് സമർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

**ബിഷപ്പ് ജോസഫ് സ്രാമ്പിക്കൽ**
ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപതാമെത്രാൻ

---

NB: ഈ ഇടയലേഖനം 2023 ജൂലൈ16 ഞായറാഴ്ച (അന്നേദിവസം വിശുദ്ധ കുർബാന ഇല്ലെങ്കിൽ, വിശുദ്ധ കുർബാന ആഘോഷിക്കുന്ന ഏറ്റവും അടുത്തുള്ള ഞായറാഴ്ച) വിശുദ്ധ കുർബാനയുടെ ആഘോഷവേളയിൽ എല്ലാ ഇടവകകളിലും/മിഷനുകളിലും/നിർദിഷ്ട മിഷനുകളിലും വായിക്കേണ്ടതാണ്.